വച്ചു പിടിപ്പിച്ച വൃക്ഷത്തൈകൾ

698 [704] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു?

ഉത്തരം

വനം വകുപ്പിന്റെ സാധാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 102.625 ലക്ഷം വൃക്ഷത്തൈകളും സാമൂഹിക വനവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്തി 509.982 ലക്ഷം വൃക്ഷത്തൈകളും വച്ചിട്ടുണ്ട്. ഇതുകൂടാതെ സാമൂഹിക വനവൽക്കരണ പരിപാടിയുടെ ഭാഗമായി 2704.992 ലക്ഷം വൃക്ഷത്തൈകൾ പൊതുജനങ്ങൾക്കും വിവിധ സംഘടനകൾക്കുമായി വിതരണം നടത്തിയിട്ടുണ്ട്.

സോഷ്യൽ ഫോറസ്റ്റ് നഴ്സറികളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള തൈകൾ

699 [705] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85, 1985–86 എന്നീ വർഷങ്ങളിൽ സോഷ്യൽ ഫോറസ്ട്രി നഴ്സറികളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള തൈകൾ എത്രയെന്നും അവയിൽ എത്രയെണ്ണം ഇന്ന് നിൽക്കുന്നുണ്ടെന്നുമുള്ള കണക്കെടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1984–85–ൽ 662.504 ലക്ഷം തൈകളും 1985–86–ൽ 998.190 ലക്ഷം തൈകളും വിതരണം ചെയ്തു. 1984–85–ൽ 44% തൈകൾ അതിജീവിച്ചിട്ടുണ്ട്. 1985–86–ലെ തൈകളുടെ അതിജീവിതശതമാനം തിട്ടപ്പെടുത്തുന്നതിലേക്കുള്ള വിവരം ശേഖരിച്ചു കഴിഞ്ഞു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചന്ദനമരം വച്ചു പിടിപ്പിക്കുന്നതിന് പദ്ധതി

700 [706] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ''ചന്ദന'' മരം വച്ചുപിടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രത്യേക പദ്ധതിയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly